പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3890 — 18/10/2011 ൽ മറുപടിയ്ക്ക്

## സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. നാണു : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സർക്കാർ വിദ്യാലയങ്ങളിൽ കെട്ടിടങ്ങളുടേയും, പഠിക്കാനുള്ള സൗകര്യങ്ങളുടേയും അപര്യാപ്തത പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് ;<br><br>ബി) എന്തെല്ലാം സഹായങ്ങളാണ് ഇത്തരം സ്ഥാപനങ്ങൾക്ക് നൽകി വരുന്നത് ; | എ) യും ബി) യും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 13.01.1996 ലെ ജി.ഒ(എം.എസ്) നമ്പർ 14/96/പൊ.വി പ്രകാരം സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആവശ്യകത അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ സാമ്പത്തിക സഹായം ഉപയോഗിച്ച് 37 സ്കൂളുകൾക്ക് കെട്ടിടം പണിതു നൽകിയിട്ടുണ്ട്. |
| സി) കെട്ടിടങ്ങളുടെ അഭാവംമൂലം പല സർക്കാർ വിദ്യാലയങ്ങളിലും പുതിയ ഡിവിഷനുകൾ തുടങ്ങാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ? | സി) ഇല്ല. |

സെക്ഷൻ ഓഫീസർ